**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147</u>** **<u>15-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ജ്ഞാന സമൂഹ നിർമ്മിതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.പി. സുമോദ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ജ്ഞാന സമൂഹ നിർമ്മിതിക്കായി ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാർ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവ് കൈവരിക്കുന്നതിനായി 2021-22 സംസ്ഥാന ബഡ്ജറ്റിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്: മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ:- പ്രതിമാസം 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പുള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കുന്നു. അധികമായി ലബോറട്ടറികളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് 50,000 രൂപ വരെ ആവശ്യമെങ്കിൽ ലഭ്യമാക്കും. കേരളത്തിന്റെ വികസന പദ്ധതികൾക്ക് സഹായകരമാകുന്ന മേഖലകളിലെ ഗവേഷണമാണ് ഉദ്ദേശിക്കുന്നത്. കൃഷി, ജൈവവൈവിദ്ധ്യം, ഡിജിറ്റൽ സാങ്കേതികത, ജനറ്റിക്സ്, കാലാവസ്ഥ വ്യതിയാനം, കേരളത്തിലെ തനത് സംസ്കാരം എന്നീ മേഖലകളിലെ ഗവേഷണത്തിനാണ് ഫെലോഷിപ്പ് നൽകുക. ഫെലോഷിപ്പ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ:- സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭരായ വിദഗ്ധരെയോ പണ്ഡിതരെയോ ദേശീയതലത്തിൽ തിരഞ്ഞെടുത്ത് അവരുടെ കൂടി സജീവ പങ്കാളിത്തത്തിലായിരിക്കും സ്കൂളുകൾ രൂപപ്പെടുക. ഇപ്രകാരം ആരംഭിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിലെയും ദേശീയതലത്തിലെയും ശാസ്ത്ര പ്രതിഭകളുടെ പേരിലായിരിക്കും അറിയപ്പെടുക. ഈ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക ധനസഹായമായി 100 കോടി രൂപ വകയിരുത്താനും ഇവയുടെ പശ്ചാത്തല സൗകര്യ സൃഷ്ടിയ്ക്ക് കിഫ്ബിയിൽനിന്നും 500 കോടി രൂപ |

| | | | |
|---|---|---|---|
| | | | അനുവദിക്കാനും ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ കൊണ്ട് പരമാവധി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക് പ്രോഗ്രാമുകൾ വൈവിധ്യവത്കരിച്ചും ന്യൂജനറേഷൻ പ്രോഗ്രാമുകൾ കൊണ്ടുവന്നും സ്ഥാപനങ്ങളിലെ സീറ്റ് വർദ്ധിപ്പിച്ചും കൂടുതൽ അധ്യാപകരെ നിയമിച്ചും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്രിട്ടിക്കൽ മാസ് ഉറപ്പാക്കാനുള്ള ശ്രമത്തിലാണ്. കോളേജുകളിലും സർവ്വകലാശാലകളിലും കഠിനാധ്വാനികളായ വിദ്യാർത്ഥികളെയും പണ്ഡിതരായ അധ്യാപകരെയും വർദ്ധിപ്പിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളെയും കോളേജുകളെയും ഉയർന്ന അക്കാദമിക കീഴ് വഴക്കങ്ങളുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾ സ്വന്തം കഴിവുകൾ പരമാവധി വർദ്ധിപ്പിച്ചേ മതിയാവൂ എന്ന സാഹചര്യമുറപ്പാക്കുകയും ചെയ്യും. അധ്വാനിച്ച് പഠിക്കുന്ന വിദ്യാർത്ഥികളും ഗവേഷണത്തിലേർപ്പെടുന്ന അധ്യാപകരും അത്യന്താപേക്ഷിതമാക്കുന്ന സംവിധാനം നിർബന്ധമായും സൃഷ്ടിക്കും. കൂടുതൽ നിർദ്ദേശങ്ങൾക്കായി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരിക്കുകയാണ്. ജ്ഞാനോത്പാദനമേഖലയിൽ വമ്പിച്ച നിക്ഷേപത്തിന് സർക്കാർ തയ്യാറെടുത്ത് കഴിഞ്ഞു. റിബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള വിഷയാന്തര ഗവേഷണത്തിനായി മുഖ്യമന്ത്രി അഞ്ഞൂറ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏതാനും വിശേഷാവഗാഹമേഖലകളിൽ ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ തുറക്കാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി. സുസ്ഥിരതയും ജനക്ഷേമവും പാരിസ്ഥിതികനീതിയും പാലിച്ചുകൊണ്ടുള്ള നവകേരളനിർമാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അത്യാധുനിക ശാസ്ത്ര-സാങ്കേതിക ഗവേഷണം ഈ കേന്ദ്രങ്ങളിൽ വിന്യസിപ്പിക്കും. അവിടെ വൈജ്ഞാനിക സമൂഹത്തിന്റെ വളർച്ച മാത്രമല്ല, ബൗദ്ധിക പൊതുസ്വത്തും പേറ്റന്റുകളും വർദ്ധിപ്പിച്ചുകൊണ്ട് ജ്ഞാനോത്പാദന സമ്പദ് വ്യവസ്ഥയിൽ പങ്കെടുക്കലും കൂടിയാണ് നടക്കേണ്ടത്. |
| (ബി) | നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിൽ രാജ്യത്തെ നൂറ് ഒന്നാം നിര സർവ്വകലാശാലകളുടെ | (ബി) | നേടിയിരുന്നു; നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിൽ രാജ്യത്തെ നൂറ് ഒന്നാം നിര സർവ്വകലാശാലകളുടെ |

| | | | |
|---|---|---|---|
| | പട്ടികയിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇടം നേടിയിരുന്നോ; വിശദമാക്കാമോ; | | പട്ടികയിൽ ഇടം നേടിയിരുന്ന സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ജ്ഞാന സമൂഹ സൃഷ്ടിയും തദ്ദേശീയ സാമൂഹിക സാമ്പത്തിക ഘടനയുടെ വികസനവും സാധ്യമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) | ജ്ഞാന സമൂഹ സൃഷ്ടിയും തദ്ദേശീയ സാമൂഹിക സാമ്പത്തിക ഘടനയുടെ വികസനവും സാധ്യമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിനായി വിഷയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ മൂന്നു കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ദേശീയ റാങ്കിംഗ് | സർവ്വകലാശാല |
|---|---|
| 27 | കേരള സർവ്വകലാശാല |
| 31 | മഹാത്മാഗാന്ധി സർവ്വകലാശാല |
| 44 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി |
| 60 | കാലിക്കറ്റ് സർവ്വകലാശാല |

| ദേശീയ റാങ്കിംഗ് | കോളേജുകൾ |
|---|---|
| 25 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |
| 31 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം |
| 44 | മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം |
| 45 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം |
| 46 | ഗവൺമെന്റ് കോളേജ് ഫോർ വിമൺ, തിരുവനന്തപുരം |
| 63 | സാക്രട്ട് ഹാർട്ട് കോളേജ്, എറണാകുളം |
| 64 | സെന്റ് തോമസ് കോളേജ്, തൃശ്ശൂർ |
| 69 | സെന്റ് ജോസഫ്സ് കോളേജ്, കോഴിക്കോട് |
| 73 | ഫറൂക്ക് കോളേജ്, കോഴിക്കോട് |
| 79 | എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി |
| 80 | മാർത്തോമ കോളേജ്, തിരുവല്ല |
| 82 | ഗവൺമെന്റ് കോളേജ്, കാസർഗോഡ് |
| 86 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം |
| 89 | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |

| | |
|---|---|
| 89 | ബിഷപ്പ് കുരിയാലച്ചേരി കോളേജ് ഫോർ വിമൺ, കോട്ടയം |
| 92 | മഹാരാജാസ് കോളേജ്, എറണാകുളം |
| 93 | സി.എം.എസ് കോളേജ്, കോട്ടയം |
| 97 | ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, കണ്ണൂർ |
| 99 | ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് |

സെക്ഷൻ ഓഫീസർ